## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - ദീപം ബഡ്സ് സ്കൂളിൽ ടീച്ചറായി ജോലി നോക്കിയിരുന്ന ശ്രീമതി.തങ്കമണി കെ.കെ.യ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2663/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/08/2017

---

പരാമർശം:- 1. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16/06/2017 ലെ എ 2.800/17 നമ്പർ കത്ത്.

2. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28/02/2017 ലെ 10-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദീപം ബഡ്സ് സ്കൂളിൽ ശ്രീമതി.തങ്കമണി കെ.കെ കിഴക്കേലാൻ വീട്, പാറപ്പുറം എന്നയാൾ 30 വർഷത്തോളം ടീച്ചറായി ഓണറേറിയം വ്യവസ്ഥയിൽ 31/03/2015 വരെ ജോലി നോക്കിയിട്ടുള്ളതാണെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ടിയാൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ആനുകൂല്യം നൽകണമെന്നും പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദീപം ബഡ്സ് സ്കൂളിൽ ജോലി നോക്കിയിരുന്ന 10-ാം വാർഡിൽ സ്ഥിരതാമസക്കാരിയായ ശ്രീമതി.തങ്കമണി കെ.കെ യ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി ജെ. ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി..

പ്രസിഡന്റ്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, കാഞ്ഞൂർ പി.ഒ, എറണാകുളം – 683 575
ശ്രീമതി.തങ്കമണി.കെ.കെ, കിഴക്കേലാൻ വീട്, പാറപ്പുറം പി.ഒ, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.&എ ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.